പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3027 — 20.06.2014-ലെ മറുപടിക്ക്

**പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.എം.ആരിഫ് | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ആഭ്യന്തര പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ വേണ്ടത്ര ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) | ഉണ്ട്. ആഭ്യന്തര പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ലക്ഷ്യമിട്ടുകൊണ്ട് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതിൽ പ്രധാനമായവ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി എന്നിവയാണ്. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിപ്രകാരം പശു/കിടാരി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി അനുവദിക്കുക, കാലിത്തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം, കറവയന്ത്രം വാങ്ങുന്നതിന് ധനസഹായം എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നു. പശു/കിടാരി വളർത്തൽ യൂണിറ്റ് ആരംഭിക്കുന്നതിന് സബ്സിഡി അനുവദിക്കുകയും മേൽത്തരം പശുക്കളെ/കിടാരികളെ അന്യസംസ്ഥാനത്ത് നിന്നും വാങ്ങണമെന്ന നിബന്ധനയിലൂടെ സംസ്ഥാനത്തെ കാലിസമ്പത്ത് വർദ്ധിപ്പിക്കുകയും അതുവഴി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ടി പദ്ധതികൾ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ ആഭ്യന്തര പാൽ ഉല്പാദനം വർദ്ധിപ്പിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. |
| (ബി) സംസ്ഥാനത്തെ ആവശ്യത്തിന്റെ എത്ര ശതമാനമാണ് ആഭ്യന്തര ഉല്പാദനമെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉല്പാദനതോത് എത്ര വർദ്ധിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | രാജ്യത്തെ ആളോഹരി പാൽ ലഭ്യതയ്ക്ക് ആനുപാതികമായി സംസ്ഥാനത്തിന്റെ പാൽ ആവശ്യകത കണക്കാക്കിയാൽ കേരളത്തിൽ ആവശ്യമുള്ള പാലിന്റെ 79.74% ആണ് ആഭ്യന്തര ഉല്പാദനം. 2010-11 ൽ പാലുല്പാദനം 26.43 ലക്ഷം മെട്രിക് ടണ്ണും, 2011-12 ൽ 27.16 ഉം 2012-13 ൽ 27.91 ഉം ആയി വർദ്ധിച്ചിട്ടുണ്ട്.<br>മിൽമയുടെ കണക്കുകൾ പ്രകാരം 2010-11 നെ അപേക്ഷിച്ച് 2011-12 ൽ 16.24% വും |

| | | | |
|---|---|---|---|
| | | | 2012-13 ൽ 2011-12 നെ അപേക്ഷിച്ച് 12.45% ഉം 2013-14 ൽ 2012-13 നെ അപേക്ഷിച്ച് 6.71% ഉം അവരുടെ ആഭ്യന്തര ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. |
| (സി) | പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആലോചിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (സി) | പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ലക്ഷ്യമിട്ട് ക്ഷീരവികസന വകുപ്പ് നടപ്പാക്കി വരുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി എന്നിവയ്ക്കു പുറമെ നടപ്പുവർഷം കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോജക്റ്റ് എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്ത് ക്ഷീരഗ്രാമമായി പ്രഖ്യാപിക്കുന്ന പദ്ധതി എന്നിവയും നടപ്പാക്കുന്നു.<br>പാലുല്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി മിൽമയും, മിൽമയുടെ മൂന്ന് പ്രവർത്തനയൂണിയനുകളും, യൂണിയനുകളുടെ പ്രവർത്തനലാഭത്തിൽ നിന്നും കാലിത്തീറ്റ സബ്സിഡി, പാൽ വില ഇൻസെന്റീവ്, കിടാരികളെ ദത്തെടുക്കൽ പദ്ധതി, കർഷകർക്കും കുടുംബാംഗങ്ങൾക്കും ആനുകൂല്യങ്ങൾ, മിനി ഡയറി സ്കീം പദ്ധതി, കാറ്റിൽ പർച്ചേസ് ലോൺ ഇന്ററസ്റ്റ് സബ്സിഡി, കാറ്റിൽ ഇൻഷ്വറൻസ് പ്രീമിയം പദ്ധതി, വയ്ക്കോൽ വാങ്ങുന്നതിനുള്ള സബ്സിഡി, റബ്ബർ മാറ്റ് സബ്സിഡി, ഫാമുകളിൽ നിന്നും പാലെത്തിക്കുന്നതിനുള്ള ഹെഡ് ലോഡ് ചാർജ്ജ്, മിൽക്ക് ക്യാൻ വാങ്ങുന്നതിനുള്ള സബ്സിഡി, തീറ്റപ്പുൽ തോട്ടം നിർമ്മിക്കുന്നതിനുള്ള സബ്സിഡി, എ.എം.സി.യു. വാങ്ങുന്നതിനുള്ള സബ്സിഡി, കർഷകർക്കാവശ്യമായ വിവിധതരം ട്രെയിനിംഗുകൾ, കാലിത്തൊഴുത്ത് നിർമ്മാണം, ബദൽ കാലിത്തീറ്റ ഉല്പന്നങ്ങൾ വിതരണം, കാലികൾക്കും കർഷകർക്കുമുള്ള ഇൻഷ്വറൻസ് കാലികൾക്കുള്ള ചികിത്സാച്ചെലവ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു. കൂടാതെ പാലുല്പാദന വർദ്ധനവ് കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് N.D.P-1, Centrally sponsored programme ആയ എൻ.പി.ഡി.ഡി പദ്ധതിയിൽപ്പെട്ട പ്രോജക്ടുകൾ എന്നിവയും ആസൂത്രണം ചെയ്യുന്നുണ്ട്. |

| | |
|---|---|
| (ഡി) ഗുണമേന്മയുള്ള കന്നുകളും കാലിത്തീറ്റയും കൃഷിക്കാരന് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഡി) ഗുണമേന്മയുള്ള കന്നുകളും കാലിത്തീറ്റയും കൃഷിക്കാർക്ക് നൽകുന്നതിനാവശ്യമായ പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ